# പ്ലാച്ചിമട സമരം : വിജയം എന്തുകൊണ്ട്?

മുസ്തഫ ദേശമംഗലം

**കൊക്കക്കോള** എന്ന വിഷപാനീയത്തിനെതിരെ, ആഗോള കുത്തക കമ്പനിക്കെതിരെ പ്ലാച്ചിമടയിൽ നടന്നുവരുന്ന സമരം ആയിരം ദിവസമാവുകയാണ്. ഈ കാലയളവിനുള്ളിൽ എണ്ണിയാലൊടുങ്ങാത്ത മനുഷ്യർ ഈ സമരത്തിന് പല വിധത്തിലുള്ള ഐക്യദാർഢ്യം നേരുകയുണ്ടായി. 2002 ഏപ്രിൽ 22 ന് തുടങ്ങിവച്ച ഈ സന്ധിയില്ലാസമരം പ്ലാച്ചിമട ജനത ആയിരം ദിവസത്തിലെത്തിക്കുമ്പോൾ, ജീവിതത്തിന്റെയും എല്ലാ ആദർശ–സംവാദങ്ങളുടെയും അടിസ്ഥാനമായ പ്രകൃതിയോടും അതിലെ അപാരമായ വായു, വെള്ളം, മണ്ണ് എന്നീ വിലകൽപ്പിക്കാനാവാത്ത വിഭവങ്ങളിലും എതെങ്കിലും വിധത്തിൽ വിശ്വസിക്കുന്ന കേരളീയ ജനതയ്ക്ക് അഭിമാനം കൊള്ളാവുന്ന സുപ്രധാനമായ സംഭാവന പ്ലാച്ചിമട ജനത നൽകിയിട്ടുണ്ട്. ഈ സമരത്തിൽ പങ്കെടുത്താലും ഇല്ലെങ്കിലും ചരിത്ര പാഠപുസ്തകങ്ങളായില്ലെങ്കിലും കേരളത്തിന് ഇത് ചരിത്ര മുഹൂർത്തം തന്നെയാണ്.

ഭൂമിയിലെ ജീവിതത്തിന്റെ അടിസ്ഥാന വിഭവങ്ങൾ ആരുടെ നിയന്ത്രണത്തിൽ എന്ന പഴയ ചോദ്യം, ഈ സമരം വീണ്ടും മിനുക്കിയെടുത്ത് ലോകത്തിനു മുമ്പിൽ ഉറക്കെ ചോദിക്കാൻ ഓരോരുത്തരെയും പ്രേരിപ്പിച്ചിരിക്കുന്നതുതന്നെയാണ് പ്ലാച്ചിമട സമരം ജനതയോട് നൽകിയ പ്രധാന സംഭാവന.

എയർ കണ്ടീഷൻഡ് വാഹനങ്ങളിലും മുറികളിലുമിരുന്നുള്ള 'വികസനം' എന്ന് പറയുന്നവർക്ക് ചെറിയ, ചെറിയ ആഘാതങ്ങളേൽപ്പിക്കാൻ കേരളത്തിലെ പാവപ്പെട്ട പ്ലാച്ചിമട ജനതയ്ക്കു കഴിഞ്ഞു. എന്തായിരിക്കണം യഥാർത്ഥത്തിൽ വികസനം? ജീവന്റെ നിലനിൽപ്പിനാധാരമായ കുടിവെള്ളം, മനുഷ്യനിർമ്മിതമായ, കേവലം മനുഷ്യനുമാത്രം ക്രയവിക്രയം ചെയ്യാവുന്ന പണത്തിനുവേണ്ടിയുള്ള ഉൽപ്പന്നമാക്കലാണോ എന്ന ചോദ്യം 'ലജ്ജാവതിയെ' എന്ന അടിപൊളി പാട്ടിന് താളമടിക്കുന്ന, ഇതൊന്നുമറിയാത്ത കൊച്ചുകുട്ടികൾ പോലും ചിന്തിച്ചുപോകാവുന്ന വിധം തുടർച്ചയായി പറയാൻ പ്ലാച്ചിമട സമരത്തിനു കഴിഞ്ഞു.

എന്താണ് നമ്മുടെ ദേശീയത? ഇന്ത്യയ്ക്കു പുറത്തുള്ള കുത്തക ലാഭക്കൊതിയന്മാർ കേരളത്തിൽ വന്ന് ജനജീവിതത്തെയും പ്രകൃതിയുടെ ആവാസ വ്യവസ്ഥയെയും തകിടം മറിച്ചുവെങ്കിൽ, നാം അഭിമാനപൂർവ്വം ഊന്നിപ്പിടിക്കുന്ന ദേശീയതയുടെ ഉദ്ദേശശുദ്ധി എത്രമാത്രമാണെന്നും, ആഘോഷിക്കപ്പെടുന്ന ദേശീയത ഏതുതരം മനുഷ്യരെ ഉന്നം വച്ചുള്ളതാണെന്നുമുള്ള ചോദ്യവും പ്ലാച്ചിമട സമരം ജനമനസ്സിനുമുമ്പിൽ തുറന്നിട്ട പ്രധാന ചിന്തയാണ്.

പുഴയിലെ മണൽ വാരി വീടുണ്ടാക്കിയാൽ മതിയെന്നും, വെള്ളം കുപ്പിയിൽ വാങ്ങിക്കുടിക്കാമെന്നും വിശ്വസിച്ച്, ബഹുവർണ്ണ നിറങ്ങളിൽ ഭംഗിയായി പൊതിഞ്ഞ എന്തും വാങ്ങിക്കൂട്ടാൻ മനസ്സൊരുക്കി കഴിയുന്ന, ഇതിനിടയിൽ സാഹിത്യവും തത്ത്വചിന്തയും വാക്ധോരണികളാക്കുന്ന വർത്തമാന കേരളീയ സമൂഹത്തിൽ മേൽപ്പറഞ്ഞ ചോദ്യങ്ങൾ ചോദിക്കുകയും അതിന്റെ പ്രസക്തി തെളിയിക്കുകയും ചെയ്യുക എന്നത് എത്രമാത്രം ദുഷ്കരമായ പ്രവർത്തനമാണെന്ന് പ്ലാച്ചിമട ജനതയ്ക്ക് ബോധ്യപ്പെട്ടതാണ്.

കടുത്ത വെല്ലുവിളികളും അധികാര രാഷ്ട്രീയത്തിന്റെ പകപോക്കലുകളും കാപട്യത്തിന്റെ ചിരികൾക്കുമിടയിൽ പ്ലാച്ചിമട ജനത ആയിരം ദിവസം പട്ടിണി കിടന്നും രോഗങ്ങൾകൊണ്ട് പീഡനമനുഭവിച്ചും വളരെ മർമ്മപ്രധാനമായ ചോദ്യങ്ങൾ ആഗോള ജനതയോട് ചോദിച്ചുവെങ്കിൽ, എന്തുകൊണ്ട് ഈ സമരത്തെ, ഇനിയും പ്ലാച്ചിമട ജനതു തന്നെ മുന്നോട്ടു കൊണ്ടുപോകണമെന്ന് കേരളത്തിലെ ഓരോ മനുഷ്യനും അടിയന്തരമായി ചിന്തിക്കേണ്ട സമയമാണിത്.

അക്കാദമിക് വിദ്യാഭ്യാസത്തിന്റെ, അധികാര കസേരയുടെ, മാധ്യമ അധികാരത്തിന്റെ മേൽക്കൂരകളേതും സ്വന്തമായി ഇല്ലാത്ത, മണ്ണിനെയും ജലത്തെയും ദൈവമായി ആരാധിക്കുന്ന അതിനോട് ജീവിതത്തിന്റെ താദാത്മ്യം കൊണ്ട് സംഗീതം പങ്കിടുന്ന പ്ലാച്ചിമട ജനതയെ, ഈ സമരത്തെ ഐതിഹാസികമാക്കിയ അടിസ്ഥാന വർഗ്ഗത്തെ അംഗീകരിക്കുക എന്നതായിരിക്കും ഇപ്പോൾ കേരളീയനു ചെയ്യാവുന്ന ഏറ്റവും നല്ല ചരിത്രദൗത്യം.

'ആത്യന്തിക'മായ വിജയം എന്ന ഒന്നില്ല. ഈ വാക്കുതന്നെ മനുഷ്യന്റെ ഇടുങ്ങിയ ചിന്താഗതിയുടെ അപനിർമ്മാണമാണ്. അതുകൊണ്ടുതന്നെ പ്ലാച്ചിമടയിലെ കൊക്കക്കോള വിരുദ്ധസമരം, വെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരായുള്ള ചെറുത്തുനിൽപ്പ് എന്ന നിലയിൽ വിജയമാണ്. ലോകാരോഗ്യ സംഘടന, ആംനെസ്റ്റി ഇന്റർനാഷണൽ, നോർവീജിയൻ ടെലിവിഷൻ, ഇൻഡിപെൻഡന്റ്, ഗാർഡിയൻ തുടങ്ങി അന്താരാഷ്ട്ര തലത്തിലുള്ള സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഐക്യദാർഢ്യവും പ്രചരണവും ഈ സമരത്തിനു കിട്ടിയിട്ടും, വെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരായ അന്താരാഷ്ട്ര തലത്തിലുള്ള ചെറുത്തുനിൽപ്പുകൾക്ക് പ്ലാച്ചിമട സമരം ഉദാഹരണമായിട്ടും എങ്ങനെയാണ് പ്ലാച്ചിമട സമരം പരാജയമാകുന്നത്?

മണ്ണിന്റെയും വെള്ളത്തിന്റെയും രാഷ്ട്രീയം ജീവിതത്തിന്റെ രാഷ്ട്രീയമായതിനാൽ എല്ലാ ആദർശങ്ങളും ജീവിതത്തിനു മുകളിൽ മാത്രം നിൽക്കുന്നുവെന്നതിനാൽ പ്ലാച്ചിമടയിലെ സമരം വിജയമാകുന്നു. ജീവിതത്തിന്റെ വിജയം. ഇതായിരിക്കണം ജീവിതത്തിലേക്കുള്ള പാതയെന്ന് പ്ലാച്ചിമട സമരം നമ്മെ ബോധ്യപ്പെടുത്തുന്നു.

മണ്ണിനും വെള്ളത്തിനും വേണ്ടിയുള്ള സമരത്തിന് ആർക്കെങ്കിലും പീഡനങ്ങൾ ഏറ്റിട്ടുണ്ടെങ്കിൽ, ഓരോരുത്തരും അത് തനിക്കുതന്നെയുള്ള പീഡനങ്ങളായി തിരിച്ചറിയുകയും, അതിന് വിലകൽപ്പിക്കുകയും വേണം. ഇത് പ്ലാച്ചിമട സമരത്തിനോടുള്ള ഐക്യദാർഢ്യപ്പെടൽ മാത്രമായിരിക്കില്ല, സ്വന്തം ജീവിതത്തിനോടും നിലനിൽപ്പിനോടുള്ള സത്യസന്ധത പുലർത്തൽ കൂടിയായിരിക്കും.